# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2090

07.12.2015-ൽ മറുപടിക്ക്.

## അഗ്നി സുരക്ഷാ സംവിധാനങ്ങളില്ലാത്ത ഫ്ളാറ്റ് സമുച്ചയങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) അഗ്നി സുരക്ഷാ സംവിധാനങ്ങളില്ലാത്ത 77 വൻകിട ഫ്ളാറ്റ് സമുച്ചയങ്ങൾക്ക് മുൻ ഫയർ ഫോഴ്സ് മേധാവി നോട്ടീസ് നൽകിയിരുന്നുവോ; | : (എ) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിന്ന് 46 എൻ.ഒ.സി അപേക്ഷകൾ മുൻ ഫയർ ഫോഴ്സ് മേധാവി നോട്ടീസ് നൽകി താൽക്കാലികമായി നിരസിച്ചിരുന്നു. |
| (ബി) എങ്കിൽ ഏതൊക്കെ ഫ്ളാറ്റ് സമുച്ചയങ്ങൾക്കാണ് നോട്ടീസ് നൽകിയതെന്നും ആരുടെ ഉടമസ്ഥതയിലാണ് പ്രസ്തുത സമുച്ചയങ്ങളെന്നും വിശദമാക്കാമോ; | : (ബി) ഫയർ ആന്റ് റെസ്ക്യൂ വകുപ്പിൽ നിന്ന് നോട്ടീസ് നൽകിയ 46 എൻ.ഒ.സി അപേക്ഷകളിൽ 38 റസിഡൻഷ്യൽ കാറ്റഗറിയിൽപ്പെടുന്ന ബിൽഡിംഗുകളുടെ എൻ.ഒ.സി അപേക്ഷകരുടെ പേര് വിവരം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത നോട്ടീസ് ശരിവച്ചുകൊണ്ട് ഇപ്പോഴത്തെ ഫയർ ഫോഴ്സ് മേധാവി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | : (സി) റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) ഫ്ളാറ്റുകൾക്ക് അഗ്നിസുരക്ഷാ സംവിധാനങ്ങളില്ലാത്തതിന് നോട്ടീസ് നൽകിയതാണ് മുൻ ഫയർ ഫോഴ്സ് മേധാവിയെ തൽസ്ഥാനത്തു നിന്ന് പെട്ടെന്ന് മാറ്റാൻ ഇടയാക്കിയതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഇ) നോട്ടീസ് ശരിവയ്ക്കപ്പെട്ടിട്ടുണ്ടെങ്കിൽ സ്ഥലംമാറ്റ ഉത്തരവ് പുനഃ പരിശോധിക്കാമോ? | : (ഡി)യും, (ഇ)യും<br>ഭരണപരമായ സൗകര്യങ്ങൾക്കു വേണ്ടിയാണ് ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറൽ ആയിരുന്ന ഡോ. ജേക്കബ് തോമസിനെയും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായ ശ്രീ. അനിൽ കാന്തിനേയും പരസ്പരം മാറ്റി നിയമിക്കുകയുണ്ടായി. |

VKBeena

സെക്ഷൻ ഓഫീസർ